**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5382** **12-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്. ഇ. ബി. ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ. എസ്. ഇ. ബി ഓഫീസുകളിൽ സ്വന്തമായി കെട്ടിടം ഉള്ള ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പ്രസരണ വിഭാഗത്തിലുള്ള 110 കെ.വി സബ്സ്റ്റേഷൻ മഞ്ചേശ്വരം, 110 കെ.വി കുബണൂർ എന്നിവ കെ.എസ്.ഇ.ബി-യുടെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി-യുടെ ഉപ്പള, മഞ്ചേശ്വരം, പൈവളിഗെ എന്നീ സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. വൊർക്കാടി, സീതാംഗോളി, പെർള എന്നീ സെക്ഷൻ ഓഫീസുകൾ അതത് ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വാടക ഇല്ലാതെ പ്രവർത്തിക്കുന്നു. |
| (സി) | സ്വന്തം കെട്ടിടം ഇല്ലാത്ത ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇത്തരത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ഇ.ബി-യുടെ കീഴിൽ സ്വന്തമായി സ്ഥലം ലഭ്യമല്ലാത്തതിനാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് വേണ്ടി സൗകര്യപ്രദമായ സ്ഥലം സന്നദ്ധസംഘ ടനകളോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | മഞ്ചേശ്വരം മണ്ഡലത്തിൽ കെട്ടിടമില്ലാത്ത കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകൾക്ക് ഈ വർഷം തന്നെ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.ഇ.ബി-യുടെ കീഴിൽ സ്വന്തമായി സ്ഥലം ലഭ്യമല്ലാത്തതിനാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് വേണ്ടി സൗകര്യപ്രദമായ സ്ഥലം സന്നദ്ധസംഘ ടനകളോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ